പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3047

20.12.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ മില്ലുകളിൽ നെല്ലു കുത്തുന്നതിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. അനൂപ്ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സിവിൽ സപ്ലൈസുമായുള്ള കരാർ അനുസരിച്ച് നെല്ലു കുത്തുന്ന സ്വകാര്യ മില്ലുകൾ അരി സ്വന്തം ബ്രാൻഡായി, ഉയർന്ന വിലയ്ക്ക് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) റേഷൻ കടകളിലൂടെ നിലവാരം കുറഞ്ഞതും ഗുണമേന്മയില്ലാത്തതുമായ കുത്തരി വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) മില്ലുകളിൽ നിന്ന് വിട്ടെടുക്കുന്ന കുത്തരി (സിഎംആർ) യുടെ ഗുണനിലവാരം പരിശോധിച്ച്, വിതരണ യോഗ്യമാണെന്ന് സർട്ടിഫൈ ചെയ്യുന്നതിനായി, കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ, സപ്ലൈകോയിലെ ജൂനിയർ മാനേജർ (ക്യു.എ), സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള റേഷനിംഗ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ സംയുക്ത പരിശോധന സംഘം ശേഖരിക്കുന്ന സാമ്പിൾ അനുസരിച്ചുള്ള കുത്തരി മൊത്ത വ്യാപാര ഡിപ്പോയിൽ ലഭിച്ചുവെന്നും അതുപ്രകാരം സാമ്പിൾ സഹിതം എ.ആർ.ഡി കൾക്ക് ലഭിച്ചുവെന്നും ഗുണമേൻമയുള്ള അരി തന്നെയാണ് കാർഡ് ഉടമകൾക്ക് ലഭിക്കുന്നതെന്നും ഉറപ്പു വരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള 10 ഇൻസ്പെക്ഷൻ ടീമുകൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി) സപ്ലൈകോയുടെ കീഴിലുള്ള വിജിലൻസ് വിഭാഗം റെയ്ഡ് നടത്തി സ്വകാര്യ മില്ലുകളിൽ നെല്ല് കുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടോ;<br><br>ഡി) എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | സി)യും ഡി)യും | രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| മിൽ | കാരണം | ക്രൈം നമ്പർ | പോലീസ് സ്റ്റേഷൻ |
|---|---|---|---|
| 1) പള്ളിക്കൽ അഗ്രോ മിൽസ്, മറ്റൂർ, കാലടി | ഗുണനിലവാരം കുറഞ്ഞ 1770 ചാക്ക് അരി മൊത്ത വ്യാപാരികൾക്ക് വിതരണം ചെയ്യുന്നതിന് സ്റ്റോക്ക് ചെയ്തു. | 732/12 u/s 406, 420 IPC തീയതി 3.7.12 | കാലടി പോലീസ് സ്റ്റേഷൻ |
| 2) കാർത്തിക മോഡേൺ റൈസ് മിൽ, കാഞ്ഞൂർ | 580 ചാക്ക് അരി ഗുണനിലവാരം മോശമാണെന്ന് കണ്ടെത്തി | 886/12 u/s 406, 420 IPC തീയതി 6.8.12 | കാലടി പോലീസ് സ്റ്റേഷൻ |

Beena

സെക്ഷൻ ഓഫീസർ